# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *5 — 28.11.2018-ൽ മറുപടിക്ക്

### ശബരിമലയിലെ തീർത്ഥാടനത്തിന് സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ഐ.ബി. സതീഷ്<br>ശ്രീ. സി.കൃഷ്ണൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) വിശ്വാസികളെ ഭീഷണിപ്പെടുത്തി ശബരിമലയിൽ നിന്നകറ്റുകയെന്ന ലക്ഷ്യത്തോടെ ബി.ജെ.പി. യും മറ്റ് സംഘപരിവാര സംഘടനകളും വിവിധ സ്ഥലങ്ങളിൽ വാഹന പരിശോധനയും ഐഡന്റിറ്റി കാർഡ് പരിശോധനയും നടത്തിയതിനും മാധ്യമ പ്രവർത്തകരുൾപ്പെടെയുള്ള സ്ത്രീകളെ ആക്രമിച്ചതിനുമെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) ബഹു. സുപ്രീംകോടതിയുടെ സ്ത്രീ പ്രവേശന വിധി പുറപ്പെടുവിച്ചതിനു ശേഷം ശബരിമല സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നീ പോലീസ് സ്റ്റേഷനതിർത്തികളിലായി തീർത്ഥാടകരുടെ വാഹനങ്ങൾ തടയുകയും മാധ്യമ പ്രവർത്തകരെ ആക്രമിക്കുകയും ചെയ്തതുമായി ബന്ധപ്പെട്ട് 58 കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഈ കേസുകളിൽ എല്ലാം കൂടി 320 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് |
| (ബി) ആചാര ലംഘനത്തിനെതിരെയെന്ന വ്യാജേന ആചാരങ്ങൾക്കും നിയമത്തിനും വിരുദ്ധമായി പതിനെട്ടാംപടി അടക്കം ശബരിമല സന്നിധാനം സമര ഭൂമിയാക്കി വിശ്വാസികളെ തടയുന്ന രീതി ആവർത്തിക്കാതിരിക്കാൻ കൂടുതൽ ജാഗ്രത പുലർത്താൻ നിർദ്ദേശം നൽകുമോ; | (ബി) ശബരിമല സന്നിധാനം സമരഭൂമിയാക്കി വിശ്വാസികളെ തടയുന്ന രീതി ആവർത്തിക്കാതിരിക്കുന്നതിലേക്ക് ജില്ലാ ഭരണകൂടവും പോലീസും കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശ്വാസികളെ തടഞ്ഞ് കലാപം സൃഷ്ടിക്കാതിരിക്കുന്നതിനായി ഇലവുങ്കൽ, നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ പ്രദേശങ്ങളിൽ ക്രിമിനൽ നടപടിക്രമം 144 പ്രകാരം നിരോധനാജ്ഞ പ്രഖ്യാപിച്ചിട്ടുള്ളതാണ്. വിവിധ |

വകുപ്പുകളുടെ പ്രവർത്തനത്തെ ശബരിമലയിൽ ഏകോപിപ്പിക്കുന്നതിനും ക്രമസമാധാന പ്രശ്നങ്ങളുൾപ്പെടെ കൈകാര്യം ചെയ്യുന്നതിനായി സ്പെഷ്യൽ ഓഫീസറായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ അധികാരം നൽകി ശ്രീ.വി.ആർ. പ്രേംകുമാർ ഐ.എ.എസ്.-നെ സർക്കാർ നിയമിച്ചിട്ടുണ്ട്. പ്രക്ഷോഭങ്ങൾ നിയന്ത്രിക്കുന്നതിനായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നീ പ്രദേശങ്ങളിൽ രണ്ട് വീതം എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെ നിയമിച്ചിട്ടുണ്ട്. നിരീക്ഷണ ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എ.ഡി.ജി.പി. സൗത്ത് സോൺ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി. , തിരുവനന്തപുരം റേഞ്ച് ഐ.ജി.പി., എന്നിവരുടെ മേൽ നോട്ടത്തിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് വിവിധമായ ബന്തവസ്സ് പദ്ധതി തയ്യാറാക്കി സുരക്ഷാ ക്രമീകരണം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇത്തരം ആചാരലംഘനങ്ങൾക്ക് മൗനാനുവാദം നൽകിയവർ, കോടതി വിധി പ്രാവർത്തികമായാൽ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രം അടച്ചിട്ട് വിശ്വാസികളുടെ ആരാധനാസ്വാതന്ത്ര്യം തടയുമെന്ന് ഭീഷണിപ്പെടുത്തിയതിനെതിരെ നിയമ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്

(ഡി) അയൽ സംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തു നിന്നും തീർത്ഥാടനത്തിനായി എത്തുന്ന സ്ത്രീ വിശ്വാസികളെയും വനിതാ മാധ്യമ പ്രവർത്തകരെയും

(ഡി) മണ്ഡല മകര വിളക്ക് ഉത്സവത്തോടനുബന്ധിച്ച് എല്ലാ തീർത്ഥാടകർക്കും സുരക്ഷയും, സുഗമവുമായ തീർത്ഥാടനം ഉറപ്പു വരുത്തുന്നതിലേയ്ക്കായി കൂടുതൽ

ആക്രമിച്ച് വിശ്വാസികളെ ഭീതിപ്പെടുത്തി പിന്തിരിപ്പിക്കുന്ന ഭീഷണതന്ത്രം ആവർത്തിക്കാതിരിക്കാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പോലീസുദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ച് കൊണ്ട് വിപുലമായ ഒരു ബന്തവസ്സ് പദ്ധതി തയ്യാറാക്കി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനു പുറമെ ശബരിമലയുടെ ബേസ് ക്യാമ്പായ നിലയ്ക്കലിൽ വാഹനങ്ങൾ നിയന്ത്രിച്ചും മതിയായ സംരക്ഷണം നൽകിയും പ്രതിഷേധങ്ങൾ ഉണ്ടാകാതിരിക്കുന്ന തരത്തിൽ മതിയായ പോലീസ് വിന്യാസം നടത്തിയും, കുഴപ്പങ്ങൾ ഉണ്ടാക്കുന്നവരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് നിയന്ത്രിച്ചുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഇത്തരം കൂട്ട കൂടിയുള്ള പ്രതിഷേധ സമരങ്ങൾ നിയന്ത്രിക്കുന്നതിനായി സന്നിധാനം, പമ്പ, നിലയ്ക്കൽ, ഇലവുങ്കൽ എന്നീ പ്രദേശങ്ങളിൽ ക്രിമിനൽ നടപടിക്രമം 144 പ്രകാരം നിരോധനാജ്ഞ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ